"ഭരണഭാഷ മാതൃഭാഷ"

നം.എസ്3(എ) 36600/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : .02.2018.

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയറക്ടർ
14 ജില്ലകൾ.

സർ,

വിഷയം:-പൊതുവിദ്യാഭ്യാസ വകുപ്പ്: സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് - ഓൺലൈൻ സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (സാ) നമ്പർ 2223/2017/പൊ.വി.വ. dt:07.07.2017

പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, ഭരണനിർവ്വഹണ ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ശേഖരിച്ച് സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള സോഫ്റ്റ് വെയർ കൈറ്റിന്റെ സഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളുടെ പ്രതിനിധികളെയും ഇതര ഓഫീസുകളിലെ ജീവനക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 6 കേന്ദ്രങ്ങളിൽ വച്ച് താഴെ പറയുന്ന തീയതിയും സമയക്രമവും അനുസരിച്ചു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

| ക്രമ നമ്പർ | പരിശീലനം നടക്കുന്ന തീയതിയും സ്ഥലവും | പരിശീലനത്തിൽ പങ്കെടുക്കുന്ന ജില്ലകൾ |
|---|---|---|
| 1 | **06.02.2018, തിരുവനന്തപുരം** | **പരിശീലനം 1:** 10 മണി മുതൽ<br>കൊല്ലം (പുനലൂർ ഡി.ഇ.ഒ & കൊട്ടാരക്കര ഡി.ഇ.ഒ) & പത്തനംതിട്ട ജില്ല |
| | | **പരിശീലനം 2:** 2 മണി മുതൽ<br>തിരുവനന്തപുരം ജില്ല & കൊല്ലം ഡി.ഇ.ഒ |
| 2 | **08.02.2018, കോട്ടയം** | **പരിശീലനം 1:** 10 മണി മുതൽ<br>ആലപ്പുഴ ജില്ല & ഇടുക്കി ജില്ല |
| | | **പരിശീലനം 2:** 2 മണി മുതൽ<br>കോട്ടയം ജില്ല. |
| 3 | **09.02.2018, എറണാകുളം** | **പരിശീലനം 1:** 10 മണി മുതൽ<br>തൃശ്ശൂർ ജില്ല |
| | | **പരിശീലനം 2:** 2 മണി മുതൽ<br>എറണാകുളം ജില്ല |

| | | |
|---|---|---|
| 4 | **14.02.2018, മലപ്പുറം** | **പരിശീലനം 1:** 10 മണി മുതൽ<br>പാലക്കാട് ജില്ല & മലപ്പുറം (പാർട്ട്) |
| | | **പരിശീലനം 2:** 2 മണി മുതൽ<br>മലപ്പുറം (മലപ്പുറം ഡി.ഇ.ഒ & വണ്ടൂർ ഡി.ഇ.ഒ) |
| 5 | **15.02.2018, കോഴിക്കോട്** | **പരിശീലനം 1:** 10 മണി മുതൽ<br>വയനാട് ജില്ല |
| | | **പരിശീലനം 2:** 2 മണി മുതൽ<br>കോഴിക്കോട്. ജില്ല |
| 6 | **16.02.2018, കണ്ണൂർ** | **പരിശീലനം 1:** 10 മണി മുതൽ<br>കാസറഗോഡ് ജില്ല |
| | | **പരിശീലനം 2:** 2 മണി മുതൽ<br>കണ്ണൂർ ജില്ല |

സർക്കാർ/എയ്ഡഡ് മേഖലയിലുള്ള ഹൈസ്കൂളുകൾ, യു.പി. സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരോ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ ഒരാളോ, എല്ലാ അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ നിന്നും ഓരോ പ്രതിനിധികൾ വീതവും മേൽപറഞ്ഞ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ഡി.ഡി.ഇ. ഓഫീസിലെ സൂപ്രണ്ടും സ്റ്റാറ്റിസ്റ്റിക്കൽ ജീവനക്കാരും, ഡി.ഇ.ഒ., എ.ഇ.ഒ മാരെ കൂടാതെ അതാത് ഓഫീസുകളിലെ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓരോ പ്രതിനിധികളും ഈ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. (പരിശീലന വേദി സംബന്ധിച്ച വിവരങ്ങൾ അതാത് ജില്ലയിൽ നിന്നും അറിയിക്കുന്നതാണ്)

ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന എ.ഇ.ഒ. മാർ തുടർന്ന് സർക്കാർ/എയ്ഡഡ് മേഖലയിലുള്ള എൽ.പി. സ്കൂളിലെ പ്രഥമാദ്ധ്യാപകർക്കായി എ.ഇ.ഒ തലത്തിൽ അതാത് ജില്ലകളിലെ ഐ. ടി. കോ-ഓർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ എന്നിവരുടെ സഹായത്തോടെ പ്രത്യേക പരിശീലനം നൽകേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ താങ്കളുടെ ജില്ലയിൽ നിന്നും ജീവനക്കാരെ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കാൻ വേണ്ട നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്,
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ് - എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും,
എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് അംഗീകൃതം സ്കൂളുകളിലെ
പ്രഥമാദ്ധ്യാപകർക്ക് എ.ഇ.ഒ/ഡി.ഇ.ഒ. മുഖാന്തിരം

**"ഭരണഭാഷ മാതൃഭാഷ"**

നം.എസ് 3(എ) 36600/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :07.02.2018.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
~~കണ്ണൂർ, കാസറഗോഡ്.~~
പാലക്കാട് / മലപ്പുറം

സർ,

വിഷയം:-പൊതുവിദ്യാഭ്യാസ വകുപ്പ്: സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് - ഓൺലൈൻ സോഫ്റ്റ് വെയറിൽ പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-1. സർക്കാർ ഉത്തരവ് (സാ) നമ്പർ 2223/2017/പൊ.വി.വ. നമ്പരായ 07.07.2017 ലെ സർക്കാർ ഉത്തരവ്.
2. 01.02.2018 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, ഭരണനിർവ്വഹണ ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങൾ ഓൺലൈൻ ആയി ശേഖരിച്ച് സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക്, കൈറ്റിന്റെ സഹകരണത്തോടെ പുതുതായി തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത പരിപാടിയുടെ വേദിയും സമയക്രമവും ചുവടെ ചേർക്കുന്നു.

| പരിശീലനം നടക്കുന്ന തീയതിയും സ്ഥലവും | പരിശീലനത്തിൽ പങ്കെടുക്കുന്ന ജില്ലകൾ |
|---|---|
| **14.02.2018, ബുധൻ,<br>ടൗൺ ഹാൾ, സിവിൽ സ്റ്റേഷൻ,<br>മലപ്പുറം** | **പരിപാടി 1: രാവിലെ 10 മണി മുതൽ**<br>പാലക്കാട് + മലപ്പുറം<br>(തിരൂർ ഡി.ഇ.ഒ + തിരൂരങ്ങാടി ഡി.ഇ.ഒ) |
| | **പരിപാടി 2: ഉച്ചയ്ക്ക് 2 മണി മുതൽ**<br>മലപ്പുറം<br>(മലപ്പുറം ഡി.ഇ.ഒ + വണ്ടൂർ ഡി.ഇ.ഒ) |

പ്രസ്തുത പരിശിലന പരിപാടിയിൽ, സൂചന (2) ലെ കത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം, എല്ലാ പ്രതിനിധികളെയും പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ ഉണ്ടാകണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ് :
എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർ,
എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) വിഭാഗത്തിലെ എച്ച്.എസ്/യു.പി. സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ. മുഖേന)